Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ജില്ലാ ലോക്കൽ ഫ്   ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, കൽപ്പറ്റ.
തീയതി: 24.10.2013

ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്,കൽപ്പറ്റ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
നെൻമേനി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- നെന്മേനി ഗ്രാമ പഞ്ചായത്ത് - വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ട് - 2013-14 പുറപ്പെടുവിക്കുന്നു.

സൂചന:- ലോക്കൽ ഫ്   ഓഡിറ്റ് ഡയറക്ടറുടെ 06.07.2013 ലെ എൽ. എഫ്. 9930/സി.എ.ആർ.2/13 നമ്പർ സർക്കുലർ.

സൂചന സർക്കുലറിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നെന്മേനി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയ വിവരം അറിയിക്കേ   താണ്.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ലോക്കൽ ഫ്   ഓഡിറ്റ്, വയനാട്,കൽപ്പറ്റ.

ഉള്ളടക്കം:- വിദ്യാഭ്യാസ മേഖലാ പ്രവർത്തനക്ഷമതാ റിപ്പോർട്ട്.

പകർപ്പ്:- 1) ലോക്കൽ ഫ്   ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
(ഉപരി  പത്രം സഹിതം)
2) ഓഫീസ് ഫയൽ - 1
3. സമാഹൃത റിപ്പോർട്ട് സെക്ഷൻ - 1

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

# നെന്മേനി ഗ്രാമപഞ്ചായത്ത്



LOCAL FUND AUDIT DEPARTMENT

## വിദ്യാഭ്യാസ മേഖല
## പ്രവർത്തനക്ഷമതാറിപ്പോർട്ട് 2013–14

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



എൽ.എഫ്.ഡബ്ള്യൂ.പി4- 731/13

ജില്ലാ ലോക്കൽ ഫ് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
വയനാട്, കൽപ്പറ്റ.
തീയതി: 24.10.2013.

# നെന്മേനി ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസ മേഖല പ്രവർത്തനക്ഷമതാ റിപ്പോർട്ട് 2013-14

LOCAL FUND AUDIT DEPARTMENT

| | | |
|---|---|---|
| പ്രവർത്തനക്ഷമതാ പരിശോധന നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്,ഉദ്യോഗപ്പേര് | : | ശ്രീ.എം.എൻ.ഹരിദാസൻ, ഡെപ്യൂട്ടി ഡയറക്ടർ. |
| പ്രവർത്തനക്ഷമതാഓഡിറ്റ് നടത്തിയ ഓഡിറ്റർമാരുടെ പേരു വിവരം | : | ശ്രീ.ഒ.കെ. അഗസ്റ്റ്യൻ, ഓഡിറ്റ് ഓഫിസർ<br>ശ്രീ.പി.വി. സുബ്രഹ്മണ്യൻ ഓഡിറ്റർ |
| അവലോകനം നടത്തിയ സമയം | : | 23.9.2013 മുതൽ 30.9.2013 വരെ |

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ പ്രധാനപ്പെട്ടതാണ് വിദ്യാഭ്യാസം. ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ പരിമിതമായ തോതിലും തുടർന്ന് 10,11 പഞ്ചവത്സര പദ്ധതികളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന വികസനത്തിനായുള്ള പഞ്ചായത്തുകളുടെ ഫ് വിനിയോഗം ഗതിവേഗമാർജ്ജിക്കുകയും ചെയ്തു. ഇനിയും ഏറെ മുന്നേറാനു ങ്കിലും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മികച്ചതാക്കുന്നതിൽ നല്ല പ്രകടനം കാഴ്ചവെച്ചിട്ടു് . നെന്മേനി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനക്ഷമതാ റിപ്പോർട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്.

## II. ഓഡിറ്റ് ലക്ഷ്യങ്ങൾ

- ❖ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിലും, പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുക.
- ❖ വിവിധ പദ്ധതി കാലയളവുകളിൽ വിഭാവനം ചെയ്ത് നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുകയും, നേരിൽ പരിശോധിക്കുകയും ചെയ്യുക.
- ❖ പഞ്ചായത്തിന്റെ ഇടപെടലിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ തലങ്ങളിലുായ മ ാറ്റങ്ങൾ അറിയുക.
- ❖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുക.

## III. ഓഡിറ്റ് മാനദണ്ഡങ്ങൾ.

1994 ലെ കേരള പഞ്ചായത്തീ രാജ് നിയമം 166-ാം വകുപ്പ് പ്രകാരം വിദ്യാഭ്യാസ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം മേഖലാ ചുമതലയിൽ ഉൾപ്പെടുത്തിയാണ് വിവക്ഷിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ മൂന്നാം പട്ടിക ഖണ്ഡിക (സി) കാണുക.

LOCAL FUND AUDIT DEPARTMENT

ഈ റിപ്പോർട്ടിനായി അവലംബിച്ചിട്ടുള്ള രേഖകൾ, വിവര സ്രോതസ്സുകൾ താഴെ കൊടുക്കുന്നു.

- പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും, സ്ഥാപനത്തിൽ സൂക്ഷിച്ച രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ എന്നിവ.
- സർക്കാർ, എയ്ഡഡ്, സ്വകാര്യ വിദ്യാലയങ്ങളിൽ നിന്ന് നേരിട്ട് ചോദ്യാവലി രൂപേണ ശേഖരിച്ച വിവരങ്ങൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ലഘു റിപ്പോർട്ടുകൾ, പത്രികകൾ എന്നിവയും തൽസ്ഥല പരിശോധനയിൽ ക ത്തിയ വിവരങ്ങളും.
- നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് നേരിൽ ശേഖരിച്ച വിവരങ്ങൾ, റിപ്പോർട്ടുകൾ, വിലയിരുത്തലുകൾ എന്നിവ.

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**നെ സംബന്ധിക്കുന്ന അടിസ്ഥാന സ്ഥിതി വിവരങ്ങൾ.**

**എ) ജനസംഖ്യ**

മൊത്തം ജനസംഖ്യ - 44096
പട്ടികജാതി ജനസംഖ്യ - 2079
പട്ടിക വർഗ്ഗ ജനസംഖ്യ - 7086
ആകെ കുടുംബങ്ങൾ - 9763

**ബി) പഞ്ചായത്തിന്റെ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ.**

| ക്രമ. നം. | സ്ഥാപനം | സർക്കാർ/ തസ്വഭവ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | നഴ്സറി | | | | - | |
| 2 | എൽ.പി.സ്കൂളുകൾ | 8 | | | - | 8 |
| 3 | യു.പി.സ്കൂളുകൾ | 1 | 3 | | - | 4 |
| 4 | ഹൈസ്കൂൾ | 2 | - | | 1 | 3 |
| 5 | ഹയർ സെക്കൻഡറി | 2 | | | - | 2 |
| 6 | കോളേജുകൾ | - | | | - | - |
| 7 | പ്രൊഫഷണൽ കോളേജുകൾ | - | | | - | - |
| 8 | ബഡ്സ് സ്കൂളുകൾ | - | | | - | - |
| 9 | മറ്റുള്ളവ | 1 | - | - | - | 1 |
| | ആകെ | 14 | 3 | - | 1 | 18 |

പട്ടിക-1

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**...ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ – 2013–14**

| ക്രമ. നം. | വിദ്യാഭ്യാസ സ്ഥാപനം | സ്ഥാപിതമായ വർഷം | ആകെ കുട്ടികളുടെ എണ്ണം | ആൺ | പെൺ | എസ്.സി | എസ്.റ്റി | ഡിവിഷനുകളുടെ എണ്ണം – ക്ലാസ്സ് തിരിച്ച് | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | I | II | III | IV | V | VI | VII | |
| 1 | ഗവ.എൽ.പി.സ്കൂൾ, മാളിക | 1981 | 72 | 38 | 34 | 4 | 7 | 1 | 1 | 1 | 1 | – | – | | 4 |
| 2 | ഗവ.എൽ.പി.സ്കൂൾ, എടക്കൽ | 1998 | 55 | 31 | 24 | 7 | 7 | 1 | 1 | 1 | 1 | | | | 4 |
| 3 | ജി.എൽ.പി.സ്കൂൾ, അമ്പുകുത്തി | 1957 | 67 | 34 | 33 | 6 | 23 | 1 | 1 | 1 | 1 | | | | 4 |
| 4 | ജി.എൽ.പി.സ്കൂൾ, കുന്താണി | 1950 | 95 | 50 | 45 | 8 | 29 | 1 | 1 | 1 | 1 | | | | 4 |
| 5 | ജി.എച്ച്.എസ്., ആനപ്പാറ | | 697 | 377 | 320 | 47 | 171 | 2 | 2 | 3 | 3 | 4 | 4 | 4 | 22 |
| 6 | ഗവ.എൽ.പി.സ്കൂൾ, ചുള്ളിയോട് | 1934 | 98 | 51 | 47 | – | 60 | 1 | 1 | 1 | 1 | – | – | – | 4 |
| 7 | ജി.എൽ.പി.സ്കൂൾ, നമ്പ്യാർകുന്ന് | 1966 | 51 | 24 | 27 | – | 31 | 1 | 1 | 1 | 1 | – | – | – | 4 |
| 8 | ഗവ.എൽ.പി.സ്കൂൾ, ചെറുമാട് | 1954 | 48 | 22 | 26 | 1 | 36 | 1 | 1 | 1 | 1 | – | – | – | 4 |
| 9 | ജി.യു.പി.സ്കൂൾ, കല്ലിൻകര | 1953 | 155 | 76 | 79 | – | 72 | 1 | 1 | 1 | 1 | 1 | 1 | 1 | 7 |
| | | | 1338 | 703 | 635 | 72 | 436 | | | | | | | | |

പട്ടിക 2

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ഡ്, പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങൾ.

**എയ്ഡഡ് സ്കൂളുകൾ.**

| ക്രമ. നം. | വിദ്യാഭ്യാസ സ്ഥാപനം | സ്ഥാപിതമായ വർഷം | കുട്ടികളുടെ എണ്ണം | ആൺ | പെൺ | എസ്.സി | എസ്.റ്റി | ഡിവിഷനുകളുടെ എണ്ണം | | | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | I | II | III | IV | V | VI | VII | |
| 1 | മാർബസേലിയസ് എ.യു.പി.എസ് കോളിയാടി | 1954 | 893 | 460 | 433 | 54 | 241 | – | – | – | – | – | – | – | – |
| 2 | സെന്റ് തോമസ് എ.എൽ.പി.എസ് പുത്തൻകുന്ന് | 1961 | 196 | 104 | 92 | 12 | 93 | 1 | 1 | 1 | 1 | | | | 4 |
| 3 | സെന്റ് ആന്റണീസ് എ.യു.പി.എസ് പഴൂർ | 1956 | 645 | 293 | 352 | 26 | 238 | 2 | 2 | 2 | 2 | 3 | 3 | 2 | 16 |
| 4 | എ.യു.പി.എസ് ചീരാൽ | 1950 | 646 | 311 | 335 | 13 | 219 | 2 | 2 | 2 | 2 | 3 | 3 | 4 | 18 |
| | | | 2380 | 1168 | 1212 | 105 | 791 | | | | | | | | |

**സ്വകാര്യ വിദ്യാലയം**

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | സെന്റ് തോമസ് ചുള്ളിയോട് | 2004 | 294 | 143 | 151 | 9 | 3 | 1 | 1 | 1 | 1 | 1 | 1 | 1 | 7 |
| 2 | ശാന്തി പബ്ളിക് സ്കൂൾ ,ചീരാൽ | 1992 | 136 | 75 | 61 | 3 | 2 | 1 | 1 | 1 | 1 | | | | 4 |
| | | | 430 | 218 | 212 | 12 | 5 | | | | | | | | |

പട്ടിക 3

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**ശ്രയിക്കുന്ന സ്കൂളുകളുടെ ഇനം തിരിച്ചുള്ള വിവരം:**
**/എയ്ഡഡ്/സ്വകാര്യം)**

| | 2010–11 | | | | | 2011–12 | | | | | 2012–13 | | | | | 2013–14 | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വിദ്യാലയം | ആകെ | ആൺ | പെൺ | SC | ST | ആകെ | ആൺ | പെൺ | SC | ST | ആകെ | ആൺ | പെൺ | SC | ST | ആകെ | ആൺ | പെൺ | SC | ST |
| സർക്കാർ വിദ്യാലയം | 1737 | 897 | 840 | 109 | 511 | 1505 | 777 | 728 | 91 | 506 | 1489 | 780 | 709 | 86 | 457 | 1338 | 703 | 635 | 72 | 436 |
| എയ്ഡഡ് വിദ്യാലയം | 2505 | 1244 | 1261 | 104 | 810 | 2483 | 1241 | 1242 | 122 | 752 | 2465 | 1213 | 1252 | 123 | 855 | 2380 | 1168 | 1212 | 105 | 791 |
| സ്വകാര്യ വിദ്യാലയം | 326 | 161 | 165 | 4 | 4 | 367 | 184 | 183 | 10 | 3 | 408 | 199 | 209 | 9 | 6 | 430 | 218 | 212 | 12 | 5 |
| ആകെ | 4568 | 2302 | 2266 | 217 | 1325 | 4355 | 2202 | 2153 | 223 | 1261 | 4362 | 2192 | 2170 | 218 | 1318 | 4148 | 2089 | 2059 | 189 | 1232 |

പട്ടിക-4

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

ിലെ കുട്ടികളുടെ എണ്ണം കുറഞ്ഞു വരികയാണ്. ട്ടികളിൽ പകുതിയിൽ അധികവും പഠിക്കുന്നത്. ൽ കുട്ടികളുടെ എണ്ണം കുറയുകയും സ്വകാര്യ സ്കൂളിൽ, നാമമാത്രമെങ്കിലും, കൂടുകയുമാണ് ചെയ്യുന്നത്. എന്നാൽ പട്ടിക വിഭാഗം കുട്ടികൾ കൂടുതലും സർക്കാർ, എയിഡഡ് സ്കൂളുകളിലാണുളളത്.

അരലക്ഷത്തോടടുത്ത് ജനസംഖ്യയുാ യിട്ടും പഞ്ചായത്തിലെ സ്കൂളുകളിൽ പ്രത്യേകിച്ചും സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നത് തടയാൻ നട പടി സ്വീകരിക്കേ തു് . പി.ടി.എകളും, അദ്ധ്യാപകരും കുട്ടികളെ കൂടുതലായി സർക്കാർ സ്കൂളുകളിലേയ്ക്ക് കൊു വരാനായി ശ്രമിക്കേ തു് . മാത്രമല്ല ജന സംഖ്യക്ക് ആനുപാതികമായി പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികളില്ല എന്നതും അധികാരികൾ വിചിന്തനം നടത്തേ വിഷ യമാണ്.

**എഫ്) പ്രീപ്രൈമറി ക്ലാസ്സുകൾ**

കുട്ടികളെ സർക്കാർ സ്കൂളുകളിലേക്ക് ആകർഷിക്കാനും ഒന്നാം ക്ലാസ്സിലെ പഠന പ്രവർത്തനങ്ങൾ എളുപ്പമാക്കാനും പ്രീപ്രൈമറി ക്ലാസ്സുകൾ വളരെയധികം സഹാ യിക്കുന്നു് . 2 സ്കൂളുകൾ ഒഴികെ ബാക്കി 7 സ്കൂളുകളിലും പ്രീപ്രൈമറി ക്ളാസ്സുകൾ നടക്കുന്നു് . എല്ലാ സ്കൂളുകളിലും കെട്ടിട സൗകര്യം കുറവാണെ ങ്കിലും ഈ ക്ലാസ്സുകൾക്ക് മുറികൾ ലഭ്യമാക്കിയിട്ടു് . പ്രീപ്രൈമറി ക്ലാസിലെ കുട്ടി കൾ 1-ാം ക്ലാസ്സിൽ അതേ സ്കൂളിൽ തന്നെ ചേരുന്നു് എന്ന് സ്കൂൾ രേഖകളിൽ നിന്നും വ്യക്തമാകുന്നു. ആയതിനാൽ ക്ലാസ്സ് മുറികളുടെയും കളിയുപകരണങ്ങളു ടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കേ താണ്.

പ്രീപ്രൈമറി ക്ലാസ്സുകളുടെ വിവരം

| ക്രമ നം. | വിദ്യാലയത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | |
|---|---|---|---|
| | | 2012-13 | 2013-14 |
| 1 | ജി.എൽ.പി.എസ്. മാളിക | 25 | 28 |
| 2 | ജി.എൽ.പി.എസ്. അമ്പുകുത്തി | 12 | 13 |
| 3 | ജി.എച്ച്.എസ്. എസ്. കുന്താണി | 25 | 27 |
| 4 | ജി.എച്ച്.എസ്. എസ്. ആനപ്പാറ | 0 | 72 |
| 5 | ജി.എൽ.പി. എസ്. ചുള്ളിയോട് | 15 | 20 |
| 6 | ജി.എൽ.പി.എസ്. നമ്പ്യാർകുന്ന് | 10 | 16 |
| 7 | ജി.എൽ.പി.എസ്. ചെറുമാട് | 22 | 22 |

LOCAL FUND AUDIT DEPARTMENT

**2) വിഭവങ്ങളുടെ വിനിയോഗം**

നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ വികസനത്തിനായി പഞ്ചായത്ത് ഗണനീയ മായ വിഹിതം പദ്ധതികളിൽ വകയിരുത്തുന്നു് . അടിസ്ഥാന സൗകര്യ വികസനത്തി നും, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾക്കായും ഫ് വിനിയോഗി ക്കുന്നു് . വളരെ വിസ്തൃതിയുള്ള പഞ്ചായത്തായതിനാലും സ്കൂളുകളുടെ എണ്ണം പൊതുവെ കൂടുതലായതിനാലും പഞ്ചായത്തിന്റെ വരുമാന പരിധിയിൽ നിന്ന് കാര്യ ങ്ങൾ മികച്ച രീതിയിൽ ചെയ്യാൻ പഞ്ചായത്ത് ശ്രമിക്കുന്നു് . എന്നിരുന്നാലും നിര വധി മേഖലകളിൽ വളരെയധികം കാര്യങ്ങൾ ചെയ്തു തീർക്കാനവശേഷിക്കുന്നുമു് .

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**[illegible] ം 2011-12, 2012-13 വർഷങ്ങളിൽ വർഷങ്ങളിൽ [illegible] ക്കി വെച്ച വിഹിതം.**

| [illegible] | [illegible] ഫ് | [illegible] ഫ് | [illegible] ഗ്രാന്റ് | എസ്.എസ്.എ. വിഹിതം | എം.എൽ.എ./ എം.പി. ഫ് | മറ്റിന ങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 2011-12 | 2598411 | 2591417 | 1012565 | 856556 | - | - | 7058949 |
| 2012-13 | 67077 | 1629889 | 288425 | 2100631 | - | - | 4086022 |
| ആകെ | 2665488 | 4221306 | 1300990 | 2957187 | - | - | 11114971 |

പട്ടിക-5

**ബി) വിദ്യാഭ്യാസ മേഖലയിൽ 11-ാം പദ്ധതി കാലയളവിലും 12-ാം പദ്ധതിയുടെ ആദ്യ വർഷവും (2012-13) നടത്തിയ ചെലവുകൾ.**

| പദ്ധതി | വിദ്യാഭ്യാസ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 11-ാം പദ്ധതി (5 വർഷം) | | | | |
| 2007-08 | 6 | 3 | 1000000 | 776899 |
| 2008-09 | 17 | 10 | 2081455 | 911017 |
| 2009-10 | 15 | 10 | 2929265 | 2272557 |
| 2010-11 | 10 | 08 | 2510594 | 1989678 |
| 2011-12 | 13 | 10 | 6766424 | 6299243 |
| 12-ാം പദ്ധതി | | | | |
| 2012-13 | 9 | 09 | 4086022 | 3927680 |

പട്ടിക-6

**സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതീക നിലവാരം ഉയർത്താൻ തദ്ദേശ സ്ഥാപനം ചെലവഴിച്ച തുകകളുടെ വിവരങ്ങൾ (2010-11, 2011-12, 2012-13 വർഷങ്ങളിൽ)**

**2010-11**

| ക്രമ നം. | വിദ്യാഭ്യാസ സ്ഥാപനം | പദ്ധതി | വർഷം | തുക |
|---|---|---|---|---|
| 1 | ജി.എൽ.പി.എസ്. അമ്പുകുത്തി | അടുപ്പ് റിപ്പയർ, വിറകുപുര നവീകരണം | 2010-11 | 91991 |
| 2 | ജി.എൽ.പി.എസ്. ചെറുമാട് | ക്ളാസ് മുറികൾ തിരിക്കൽ | ,, | 80000 |
| 3 | ജി.എച്ച്.എസ്. എസ്. ആനപ്പാറ | സ്കൂൾ കെട്ടിടം ചോർച്ച മാറ്റൽ | ,, | 500000 |
| 4 | പഞ്ചായത്തിലെ വിവിധ സ്കൂളുകൾ | റിപ്പയർ | ,, | 55853 |
| 5 | എ.യു.പി.എസ്. പഴൂർ | സാനിറ്റേഷൻ യൂണിറ്റ് | ,, | 37968 |
| 6 | വിവിധ സ്കൂളുകൾ | റിപ്പയർ & വൈറ്റ് വാഷ് | 2011-12 | 246575 |
| 7 | ജി.എച്ച്.എസ്. എസ്. ആനപ്പാറ | സ്കൂൾ കെട്ടിടം ചോർച്ച മാറ്റൽ | ,, | 370666 |
| 8 | ജി.യു.പി.എസ്. കല്ലിങ്കര | വിറകുപുര നിർമ്മാണം | ,, | 118277 |
| 9 | പഞ്ചായത്തിലെ വിവിധ സ്കൂളുകൾക്ക് | പാചകപാത്രങ്ങൾ നൽകൽ | 2012-13 | 100000 |
| 10 | വിവിധ സ്കൂളുകൾക്ക് | റിപ്പയർ & വൈറ്റ് വാഷ് | ,, | 107570 |
| 11 | കല്ലിൻകര ജി.യു.പി എസ്നും, ചുള്ളിയോട് സാക്ഷരതാ കേന്ദ്രത്തിനും | വാതിലുകൾ | ,, | 85000 |

പട്ടിക 7

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



## സൗകര്യങ്ങൾ

**എ) കെട്ടിടം:**

നെന്മേനി ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകിലെ കെട്ടിടങ്ങൾ ശരാശരി നിലവാരം മാത്രം പുലർത്തുന്നയാണ്. ആകെയുള്ള 9 വിദ്യാലയങ്ങൾക്കും കെട്ടിട സൗകര്യം പര്യാപ്തമല്ല. എല്ലാ സ്കൂളുകൾക്കും കമ്പ്യൂട്ടർ ലാബ്, ലൈബ്രറി എന്നിവയ്ക്ക് മുറികൾ പ്രത്യേകം തയ്യാറാക്കി ലഭ്യമാക്കേ തു് . ഭൂരിപക്ഷം സ്കൂളുകളിലും സൗകര്യങ്ങളോടുകൂടിയ ഓഫീസ്മുറി ഇല്ല. വിദ്യാലയങ്ങൾക്ക് യോജിച്ച സയൻസ് ലാബ്, സ്റ്റാഫ് റൂം തുടങ്ങിയവ തയ്യാറാക്കുന്നതിൽ തദ്ദേശ ഭരണ സ്ഥാപനം മുൻകൈയ്യെടുക്കേ തു് .

കെട്ടിടങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഒറ്റനോട്ടത്തിൽ

എ) പഞ്ചായത്തിലെ എല്ലാ സ്കൂളുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്.

ബി) ആനപ്പാറ ജി.എച്ച്.എസ്.എസ് ലെ ഒരു കെട്ടിടം ഒഴികെ ബാക്കി എല്ലാ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടു് .

സി) സ്കൂളിന് കെട്ടിട സൗകര്യം ഒരുക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തദ്ദേശ സ്ഥാപനം ശ്രദ്ധിക്കുന്നു് . എന്നാൽ പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെടേ തു് .

ഡി) കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന എ.സി. ഷീറ്റു മേഞ്ഞ കെട്ടിടങ്ങൾ 6 സ്കൂളുകളിൽ നിലവിലു് . ഇത്തരത്തിലുള്ള ആകെ 31 ക്ലാസ്സ് മുറികൾ ഉള്ളതിൽ 28 എണ്ണവും സീലിംഗും ചെയ്തിട്ടില്ല. സീലിംഗ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ഊർജ്ജിതപ്പെടുത്തേ തു് .

ഇ) ഭൂരിപക്ഷം പിടിഎകളും കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് മേൽ നോട്ടം വഹിക്കുന്നു് .

എഫ്) നമ്പ്യാർകുന്ന് ജി.എൽ.പി സ്കൂളിനായി ഗ്രാമപഞ്ചായത്ത് നിർമ്മിച്ച അടുക്കള, സൗകര്യമുള്ള അടുപ്പ്, പുകക്കുഴൽ എന്നിവയുടെ അഭാവത്താൽ ലക്ഷ്യം കൈവരിച്ചിട്ടില്ല.

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**മുറികളുടെ വിശദ വിവരം, ആവശ്യമുള്ള ക്ലാസ്സ് മുറികളുടെ വിവരം എന്നിവ.**

| ക്രമ നം. | സ്കൂളിന്റെ പേര് | ഭൂമിയുടെ അളവ് | എ.സി.ഷീറ്റ് മുറി കളുടെ എണ്ണം | | കോൺക്രീറ്റ് മുറികളുടെ എണ്ണം | ഓട് മുറി കളുടെ എണ്ണം | ഇനിയും ആവശ്യമുള്ള മുറികളുടെ വിവരം. |
|---|---|---|---|---|---|---|---|
| | | | സീലിംഗ് ഉള്ളത് | സീലിംഗ് ഇല്ലാത്തത് | | | |
| 1 | ഗവ.എൽ.പി.സ്കൂൾ, മാളിക | 2.64 ഏക്കർ | - | - | 3 | 3 | കമ്പ്യൂട്ടർലാബ് ലൈബ്രറി ഡൈനിംഗ് |
| 2 | ഗവ. എൽ.പി.സ്കൂൾ, എടക്കൽ | 98 സെന്റ് | - | | 5 | | ഓഫീസ് ലൈബ്രറി കമ്പ്യൂട്ടർ ലാബ്, സ്റ്റോർ |
| 3 | ഗവ. എൽ.പി.സ്കൂൾ, അമ്പുകുത്തി | 2.34 ഏക്കർ | - | 5 | 2 | | ലൈബ്രറി കമ്പ്യൂട്ടർ ലാബ് |
| 4 | ഗവ. എൽ.പി.സ്കൂൾ, കുന്താണി | 1.46 ഏക്കർ | - | 5 | 5 | | ലൈബ്രറി ലാബ് (കമ്പ്യൂട്ടർ) പ്രീപ്രൈമറി ക്ലാസ്റൂം |
| 5 | ഗവ.എച്ച്.എസ്.എസ്. ആനപ്പാറ | 7.45 ഏക്കർ | 3 | 12 | 7 | | ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ്, സ്റ്റാഫ് റൂം |
| 6 | ഗവ.എൽ.പി.സ്കൂൾ, ചുള്ളിയോട് | 1.17 ഏക്കർ | - | - | 2 | 5 | കമ്പ്യൂട്ടർ ലാബ് ലൈബ്രറി, ഓഫീസ് റൂം |
| 7 | ഗവ.എൽ.പി.സ്കൂൾ, നമ്പ്യാർകുന്ന് | 5.15 ഏക്കർ | - | 4 (അലുമിനിയം) | 2 | | കമ്പ്യൂട്ടർ ലാബ്, ഓഫീസ് റൂം, ലൈബ്രറി പ്രീപ്രൈമറി |
| 8 | ഗവ. എൽ.പി.സ്കൂൾ, ചെറുമാട് | 1.30 ഏക്കർ | - | 6 | 1 | | സ്റ്റാഫ് റൂം ഡൈനിംഗ് റൂം |
| 9 | ഗവ.യു.പി.സ്കൂൾ, കല്ലിങ്കര | 5.54 ഏക്കർ | - | 4 (അലുമിനിയം) | 9 | | ലൈബ്രറി സയൻസ് ലാബ് |

പട്ടിക 8

LOCAL FUND AUDIT DEPARTMENT

**സി) സ്മാർട്ട് ക്ലാസ് റൂം – കമ്പ്യൂട്ടർ ലാബ്**

ജി.എച്ച്.എസ്.എസ് ആനപ്പാറ, ജി.യു.പി എസ്. കല്ലിൻകര എന്നീ വിദ്യാലയങ്ങൾ ഒഴികെ ബാക്കി 7 എൽ.പി. സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിച്ചിട്ടില്ല. ക്ലാസ് റൂം, കമ്പ്യൂട്ടർറുകൾ, ഇരിപ്പിടം, പ്രൊജക്ടർ എന്നിവ ലഭ്യമാക്കി സമാർട്ട് ക്ലാസ് റൂം സജ്ജീകരിക്കേ തു് , ഇതിനായി പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേതു ് . (ഇതു സംബന്ധിച്ച് താഴെ കൊടുത്തിട്ടുള്ള സ്ഥിതിവിവര കണക്കുകൾ കാണുക).

കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകൾ ഉള്ള ര് സ്കൂളുകൾ മാത്രമെ ഉള്ളു. അതുപോലെ ജി.എൽ.പി.എസ് മാളിക, ജി.എൽ.എസ്. എടുക്കൽ ജി.എൽ.പി.എസ്. ചുള്ളിയോട് എന്നിവിടങ്ങളിൽ ഇന്റർനെറ്റ് സൗകര്യം ഇനിയും ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിന് കമ്പ്യൂട്ടറുകളും, ഇന്റർനെറ്റും സജ്ജീകരിക്കാൻ പഞ്ചായത്ത് നടപടിയെടുക്കേ താണ്.

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**...നെറ്റ് – സ്ഥിതി വിവരം.**

| ...നം. | ...ളുടെ പേര് | ...ക്ലാസ് റൂം ഉ് /ഇല്ല | കമ്പ്യൂട്ടറുകളുടെ എണ്ണം | ആനുപാതികമായി കമ്പ്യൂട്ടർ ഉ് /ഇല്ല | ഇന്റർനെറ്റ് ഉ് /ഇല്ല | എൽസിഡി പ്രൊജക്ട് ഉ് /ഇല്ല |
|---|---|---|---|---|---|---|
| 1 | ഗവ.എൽ.പി. സ്കൂൾ, മാളിക | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല |
| 2 | ഗവ. എൽ.പി. സ്കൂൾ, എടക്കൽ | ഇല്ല | 2 | ഇല്ല | ഇല്ല | ഇല്ല |
| 3 | ഗവ. എൽ.പി. സ്കൂൾ, അമ്പുകുത്തി | ഇല്ല | 3 | ഇല്ല | ഉ് | ഇല്ല |
| 4 | ഗവ. എൽ.പി. സ്കൂൾ, കുന്താണി | ഇല്ല | 2 | ഇല്ല | ഉ് | ഇല്ല |
| 5 | ഗവ.എച്ച്.എസ് സ്കൂൾ, ആനപ്പാറ | ഉ് | 15 | ഉ് | ഉ് | ഉ് |
| 6 | ഗവ.എൽ.പി. സ്കൂൾ, ചുള്ളിയോട് | ഇല്ല | 3 | ഇല്ല | ഇല്ല | ഇല്ല |
| 7 | ഗവ.എൽ.പി. സ്കൂൾ, നമ്പ്യാർകുന്ന് | ഇല്ല | 2 | ഇല്ല | ഉ് | ഇല്ല |
| 8 | ഗവ. എൽ.പി. സ്കൂൾ, ചെറുമാട് | ഇല്ല | 3 | ഇല്ല | ഉ് | ഇല്ല |
| 9 | ഗവ.യു.പി.സ്കൂൾ, കല്ലിങ്കര | ഉ് | 16 | ഉ് | ഉ് | ഉ് |

പട്ടിക 9

LOCAL FUND AUDIT DEPARTMENT

**ഡി) ഫർണ്ണിച്ചർ**

പഞ്ചായത്തിലെ സ്കൂളുകളിൽ ഫർണ്ണിച്ചർ ആവശ്യത്തിനില്ല. സൂകൂളുകൾ നേരിൽ, പരിശോധിച്ചതിൽ ഒന്ന്, ര് ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകിയിരിക്കുന്ന 'ഡെസ്ക്കുകൾ' പഠന യോഗ്യമല്ലെന്ന് കാണുന്നു. പ്രത്യേകിച്ചും അമ്പുകുത്തി, മാളിക സ്കൂളിൽ ഡെസ്കിന് പകരം അവർ ഇരിക്കുന്ന അതേ ഉയരത്തിലുള്ള ബഞ്ചാണ് ഡെസ്കായി കുട്ടികൾക്ക് നൽകിയിരിക്കുന്നത്.

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features





മാളിക ജി.എൽ.പി. സ്കൂളിലെ ക്ലാസ് റൂം

പ്രാഥമിക ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച സൗകര്യം ഒരുക്കുകയും സ്കൂൾ പ്രവേശനം ഉത്സവച്ഛായയിൽ ആഘോഷിക്കുകയും ചെയ്യുന്ന ഇക്കാലത്ത് കൊച്ചുകുട്ടികൾ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ട് പരിഹരിക്കാതെ അവശേഷിക്കുന്നത് ശരിയല്ല.

ഇതുപോലെ തന്നെ ചെറിയ ക്ളാസ്സുകളിലെ കുട്ടികൾക്ക്, അവർക്ക് അനുയോജ്യമല്ലാത്ത വലിയ ഡെസ്കുകൾ നൽകുന്നതും പ്രശ്നം സൃഷ്ടിക്കുന്നു. ഈ കുട്ടികൾ എഴുതുന്നതിനും പഠിക്കുന്നതിനുമായി ക്ലാസ്സിൽ എഴുന്നേറ്റ് നിൽക്കേി വരുന്നു.

വിവിധ ഏജൻസികൾ, സ്കൂളുകൾക്ക് ഫർണ്ണിച്ചർ അനുവദിക്കുമ്പോൾ ഓരോ ക്ലാസ്സിനും യോജിച്ച കൃത്യമായ സ്പെസിഫിക്കേഷനോടെ ബെഞ്ചും ഡസ്കും തയ്യാറാക്കേ തു് . വിദ്യാലയങ്ങൾക്ക് ആവശ്യമുള്ള ഫർണ്ണിച്ചറുകളുടെ കൃത്യമായ, അളവുകൾ പരിഗണിക്കാതെ മൊത്തം എണ്ണം മാത്രം കൊടുക്കുന്ന സ്കൂൾ അധികൃതരും കാലങ്ങളായി തുടർന്നുവരുന്ന ഈ അപാകങ്ങൾക്ക് കാരണക്കാരാണ്.

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**ന്റ വിവരങ്ങൾ (2010–11, 2011–12, 2012–13 വർഷങ്ങ**

| ക്രമ നം | സ്കൂളിന്റെ പേര് | വർഷം | ഇനം | എണ്ണം | ഫ് ഇനം | തുക |
|---|---|---|---|---|---|---|
| 1 | ജിഎൽപിഎസ് അമ്പുകുത്തി | 2010–11 | അലമാര<br>കമ്പ്യൂട്ടർ ടേബിൾ | 3<br>1 | ഗ്രാമപഞ്ചായത്ത്<br>ഡി.ഡി.ഇ വയനാട് | |
| 2 | ജിഎച്ച്എസ് എസ്., ആനപ്പാറ | 2010–11 | ഡസ്ക്<br>ആക്ടിവിറ്റി ടേബിൾ<br>കസേര<br>അലമാര | 5<br>16<br>32<br>1 | സിഡ്കോ<br>എസ്.എസ്.എ | 105000 |
| | | 2011–12 | സ്റ്റീൽ വുഡ് ബഞ്ച്<br>സ്റ്റീൽവുഡ് ഡെസ്ക്<br>അലമാര<br>ഡെസ്ക്<br>ബെഞ്ച് | 6<br>6<br>3<br>4<br>4 | ജില്ലാപഞ്ചായത്ത് | |
| 3 | ജിഎൽപിഎസ് ചുളളിയോട് | 2010–11 | സ്റ്റീൽഅലമാര<br>സ്റ്റീൽ മേശ<br>കമ്പ്യൂട്ടർ ടേബിൾ | 5<br>3<br>1 | പഞ്ചായത്ത് | |
| 4 | ജിയുപിഎസ് കല്ലിങ്കര | | ഡെസ്ക്<br>ബെഞ്ച്<br>ഫൈബർ ചെയർ | 10<br>10<br>10 | എസ്എസ്എ | 40000 |

പട്ടിക 10

LOCAL FUND AUDIT DEPARTMENT

**<u>ഇ) വിദ്യാലയങ്ങളുടെ ഉടമസ്ഥതിയിലുളള ഭൂമി, കളിസ്ഥലം, ചുറ്റുമതിൽ</u>**

### i) ഭൂമി

എടക്കൽ ജി.എൽ.പി.എസ്. ഒഴികെ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുളള മറ്റെല്ലാ സ്കൂളുകൾക്കും ആവശ്യത്തിനുളള ഭൂമി സ്വന്തമായു് . ഇതിൽ ജി.എൽ.പി. എസ്. നമ്പ്യാർകുന്ന്,ജി.യു.പി.എസ്. കല്ലിൻകര, ജി.എച്ച്.എസ്.എസ് ആനപ്പാറ തുടങ്ങിയ വിദ്യാലയങ്ങൾക്ക് ഭാവിയിൽവരാവുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുളള ഭൂമിയു് . ആയതിനാൽ പഞ്ചായത്തിന് പുതിയ വികസന പ്രവർത്തനങ്ങൾ ഈ വിദ്യാലയങ്ങിളൽ നടപ്പാക്കാനാകും.

### ii) കളിസ്ഥലം

ജി.എൽ.പി.എസ് എടക്കൽ ഒഴികെ മറ്റെല്ലാ സ്കൂളുകൾക്കും കളിസ്ഥലമു് . പല സ്കൂളുകളിലും വിവിധ ഇനം കളികൾക്ക് പ്രത്യേക കളിക്കളങ്ങൾ നിർമ്മിക്കുന്നതിനുളള ഭൂമി സ്വന്തമായു് . എന്നാൽ അവ ഒരുക്കേ തു് .

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



പഞ്ചായത്തിലെ ഒരു സ്കൂളിനുപോലും പൂർണ്ണമായും ചുറ്റുമതിലില്ല. തീരെ ചുറ്റുമതിലില്ലാത്ത 3 സ്കൂളുകൾ പഞ്ചായത്തിലു് . അതിനാൽ സ്കൂളുകൾ സാമൂഹ്യ വിരുദ്ധരുടെ ശല്യം നേരിടുന്നു് . ഉദാ: ജി.എച്ച്.എസ്.എസ്. ആനപ്പാറ, ജി.എൽ.പി. എസ്, കുന്താണി, ജിഎൽ.പി.എസ്. നമ്പ്യാർകുന്ന്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ അതിർത്തി നിർണ്ണയിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള സ്കൂളുകളും ഉ് . ഉദാ: ജി. എൽ.പി.എസ്. കുന്താണി, ജി.യു.പി.എസ് കല്ലിൻകര. വിദ്യാലയങ്ങളിലെ ടോയ്ലറ്റുകൾ, ഫർണ്ണിച്ചറുകൾ, മറ്റുപകരണങ്ങൾ, കൃഷികൾ തുടങ്ങിയവയ്ക്കെല്ലാം ചുറ്റുമതിൽ ഇല്ലാത്തത് ഭീഷണിയാണ്. വിദ്യാലയങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പഞ്ചായത്ത് മുന്തിയ പരിഗണന നൽകേ തു് .

വിദ്യാലയങ്ങളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലം, ചുറ്റുമതിൽ എന്നിവയുടെ വിവരം.

| ക്രമ നം. | വിദ്യാലയങ്ങളുടെ പേര് | ആവശ്യമായ കളിസ്ഥലം ഉ് /ഇല്ല | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | സ്കൂളിനോട് ചേർന്നാണോ കളിസ്ഥലം | കളിസ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുേ | വിവിധ ഇനം കളികൾക്ക് പ്രത്യേക കളിക്കളങ്ങളുോ? |
|---|---|---|---|---|---|---|
| 1 | ഗവ.എൽ.പി.സ്കൂൾ, മാളിക | ഉ് | 2400 ച.മീ | അതെ | ഭാഗികം | ഇല്ല |
| 2 | ഗവ. എൽ.പി.സ്കൂൾ, എടക്കൽ | ഇല്ല | ---- | -- | -- | -- |
| 3 | ഗവ. എൽ.പി.സ്കൂൾ, അമ്പുകുത്തി | ഉ് | 5000 ച.മീ | അതെ | ഭാഗികം | ഇല്ല |
| 4 | ഗവ. എൽ.പി.സ്കൂൾ, കുന്താണി | ഉ് | 2400 ച.മീ | അതെ | ഭാഗികം | ഇല്ല |
| 5 | ഗവ.എച്ച്.എസ്.സ്കൂൾ, ആനപ്പാറ | ഉ് | 2 ഏക്കർ | അതെ | ഇല്ല | ഇല്ല |
| 6 | ഗവ.എൽ.പി.സ്കൂൾ, ചുള്ളിയോട് | ഇല്ല | 1500 ച.മീ | അതെ | ഇല്ല | ഇല്ല |
| 7 | ഗവ.എൽ.പി.സ്കൂൾ, നമ്പ്യാർകുന്ന് | ഉ് | 1876 ച.മീ | അതെ | ഇല്ല | ഇല്ല |
| 8 | ഗവ. എൽ.പി.സ്കൂൾ, ചെറുമാട് | ഇല്ല | 30 സെന്റ് | അതെ | ഇല്ല | ഇല്ല |
| 9 | ഗവ.യു.പി.സ്കൂൾ, കല്ലിങ്കര | ഉ് | 7200 ച.മീ | അതെ | ഇല്ല | ഇല്ല |

പട്ടിക-11

## എഫ്.) ടോയ്ലറ്റ്

ഭൂരിപക്ഷം വിദ്യാലയങ്ങൾക്കും ആവശ്യത്തിനു ടോയ്ലറ്റ് ഉ് . എന്നാൽ കുന്താണി ജി.എൽ.പി. എസിലെ ടോയ്ലറ്റുകൾ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചതിനാൽ ഉപയോഗ ശൂന്യമായിരിക്കുന്നു. അതുപോലെ മാളിക ജിഎൽപി.എസിലെ ടോയ്ലറ്റുകളും കേടുവന്നതാണ്. പല സ്കൂളുകളിലും ആവശ്യത്തിനുള്ള ടോയ്ലറ്റുകൾ ഉ ങ്കിലും അവയുടെ സംരക്ഷണവും ശുചീകരണവും അധികൃതർ നല്ലരീതിയിൽ നടത്തുന്നില്ലെന്ന് നേരിൽ ബോധ്യപ്പെടുകയു യി.

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features





കുന്താണി ജി.എൽ.പി. സ്കൂളിലെ ടോയ്‌ലറ്റ്.

ആവശ്യത്തിന് ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനും ഇവ നല്ല രീതിയിൽ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ പ്രഥമ പരിഗണന നൽകേതാണ്.

LOCAL FUND AUDIT DEPARTMENT

**ജി) പഠനോപകരണങ്ങൾ**

പ്രീപ്രൈമറി ക്ലാസ്സുകളിലെ കുട്ടികൾക്കാവശ്യമായ പഠന-കളിയുപകരണങ്ങൾ ഒരു സ്കൂളിലും ആവശ്യത്തിനില്ല. മറ്റു ക്ലാസ്സുകളിലെ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ പൊതുവെ തൃപ്തികരമാണ്.

**എച്ച്) കുടിവെള്ളം, വൈദ്യുതി, വഴി സൗകര്യം, വാഹനം.**

**i) കുടിവെള്ളം**

ആനപ്പാറ ഗവ: ഹയർ സെക്കറി സ്കൂളും, ജി.എൽ.പി.എസ് മാളിക എന്നിവിടങ്ങളിൽ വേനൽകാലത്ത് ജലദൗർലഭ്യതയു് . 250 മീറ്റർ അകലെ പഞ്ചായത്ത് കിണറ്റിൽ നിന്ന് ചെറുമാട് ജി.എൽ.പി. സ്കൂളിൽ വെള്ളമെത്തിക്കുന്നു് . പഞ്ചായത്തിലെ മറ്റ് വിദ്യാലയങ്ങൾക്കെല്ലാം കുടിവെള്ളം ആവശ്യത്തിന് ലഭിക്കുന്നു.

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

വൈദ്യുതിയും, വഴിസൗകര്യവും ഉ് . ആനപ്പാറ ജി.എച്ച്.എസ്.എസ്.ലെ വിവിധ ബ്ളോക്കുകളിലേക്കുള്ള വഴി സൗകര്യം ഇനിയും മെച്ചപ്പെടുത്തേ തു് .

**iii)വാഹനം**

സർക്കാർ വിദ്യാലയങ്ങൾക്കൊന്നിനും തന്നെ സ്വന്തമായി വാഹനമില്ല.

## 4) എസ്.എസ്.എ

എസ്.എസ്.എയുടെ ഭാഗമായി പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി (2010-11, 2011-12, 2012-13) വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2010-11 | 713796 |
| 2011-12 | 845473 |
| 2012-13 | 2100631 |

എസ്.എസ്.എ അധികൃതർ നൽകുന്ന പദ്ധതികളുടെ ലിസ്റ്റനുസരിച്ചുള്ള വിഹിതം മുഴുവൻ പഞ്ചായത്ത് നൽകുന്നു് . ഈ പത്രികകളിൽ ഉൾപ്പെട്ടിട്ടുള്ള ഫർണിച്ചർ വാങ്ങൽ, കമ്പ്യൂട്ടർ വിദ്യാഭ്യാസം, മെയിന്റനൻസ്, എന്നിവയുൾപ്പെടെയുള മരാമത്ത് പണികൾ പഞ്ചായത്തിന്റെ അറിവോടെയല്ല നിർവ്വഹിക്കപ്പെടുന്നത്. ഓരോ വർഷവും വിഹിതം നൽകിയ വർക്കുകൾ ഏതെല്ലാം സ്കൂളികളിൽ നടപ്പാക്കി എന്ന വിവരം പഞ്ചായത്ത് അധികൃതരെ അറിയിക്കുന്നില്ല. ഈ വിവരങ്ങൾ പരിശോധിക്കാനും മോണിറ്റർ ചെയ്യുന്നതിനും പഞ്ചായത്തധികൃതരും കാര്യമായ ശ്രമം നടത്തുന്നില്ല. 2010-11 മുതൽ 2012-13 വരെയുള്ള വർഷങ്ങളിൽ പഞ്ചായത്തിൽ നിന്നും വിഹിതം നൽകിയ മേൽ പ്രകാരമുള്ള പദ്ധതികളിൽ പ്രധാനപ്പെട്ടവയുടെ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ വിവരം | 2010-11 | | | 2011-12 | | | 2012-13 | | |
|---|---|---|---|---|---|---|---|---|---|
| | എണ്ണം | അടങ്കൽ | പഞ്ചായത്ത് വിഹിതം | എണ്ണം | അടങ്കൽ | പഞ്ചായത്ത് വിഹിതം | എണ്ണം | അടങ്കൽ | പഞ്ചായത്ത് വിഹിതം |
| മെയിന്റനൻസ് | 08 | 60,000 | 21000 | 09 | 67500 | 23625 | 09 | 67500 | 23625 |
| ഫർണ്ണിച്ചർ | 240 | 120000 | 42000 | | | | 100 | 50000 | 17500 |
| ഇലക്ട്രിഫിക്കേഷൻ | 01 | 10000 | 3500 | 02 | 20000 | 7000 | 04 | 40000 | 14000 |
| ചുറ്റുമതിൽ | 01 | 50000 | 17500 | - | - | - | - | - | - |
| ലൈബ്രറി - എൽ.പി | 07 | 21000 | 7350 | - | - | - | - | - | - |
| ലൈബ്രറി - യു.പി | 01 | 10000 | 3500 | - | - | - | - | - | - |
| കമ്പ്യൂട്ടർ വിദ്യാഭ്യാസം | 01 | 100000 | 35000 | 01 | 100000 | 35000 | 01 | 100000 | 35000 |
| സെപ്പറേഷൻ വാൾ | - | - | - | 01 | 15000 | 5250 | 03 | 45000 | 15750 |
| മേജർ റിപ്പയർ | 02 | - | - | - | - | - | 02 | 2623200 | 918120 |
| ശിശു സൗഹൃദ സൗകര്യം | 01 | - | - | - | - | - | 01 | 100000 | 35000 |
| കൈവരിയുള്ള റാമ്പുകൾ | 03 | - | - | - | - | - | 03 | 30000 | 10500 |

പട്ടിക -12

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



...ം നൽകുന്നതല്ലാത്ത ഈ വർക്കുകൾ ഏതെല്ലാം ...രം പഞ്ചായത്ത് മോണിറ്റർ ചെയ്യുന്നില്ല. ഫ് ...യോഗ സാക്ഷ്യപത്രമല്ലാതെ ഓരോ വർഷവും വിഹിതം വാങ്ങിയ വർക്കുകൾ പഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിൽ നടപ്പാക്കിയെന്ന വിവരം എസ്.എസ്.എ അധികൃതർ പഞ്ചായത്ത് അധികാരികളെ അറിയിക്കുന്നില്ല. മേൽപ്പറഞ്ഞ കാലയവളവിന് മുൻപ് നൽകിയ വിഹിതത്തിന്റെ കാര്യത്തിലും ഇതേ സ്ഥിതിയാണുള്ളത്. പദ്ധതികൾ രൂപീകരിക്കുന്നതിലും അവ ഏതെല്ലാം സ്കൂളുകളിൽ നിർവ്വഹിക്കണമെന്നതിലും, സ്കൂൾ തിരിച്ചുള്ള മുൻഗണനകൾ നിശ്ചിയിക്കുന്നതിലും ഗ്രാമപഞ്ചായത്തിന് മതിയായ പങ്കാളിത്തം ലഭിക്കുന്നില്ല.

എസ്.എസ്.എ.ഫ് ഉപയോഗിച്ച് സ്കൂളുകളിൽ നടത്തിയ പദ്ധതികൾ, സ്കൂളധികൃതരുടെ റിപ്പോർട്ട് പ്രകാരം (2010-11, 2011-12, 2012-13 വർഷങ്ങളിൽ)

| ക്രമ നം. | വിദ്യാലയത്തിന്റെ പേര് | 2010-11 | | 2011-12 | | 2012-13 | |
|---|---|---|---|---|---|---|---|
| | | പദ്ധതി | തുക | പദ്ധതി | തുക | പദ്ധതി | തുക |
| 01 | ഗവ.എൽ.പി. സ്കൂൾ, മാളിക | | | | | ചൈൽഡ് ഫ്രണ്ട്‌ലി<br>ഇലക്ട്രിഫിക്കേഷൻ<br>യൂണിഫോം 68 പേർക്ക് | 100000<br>10000 |
| 02 | ഗവ. എൽ.പി. സ്കൂൾ, എടക്കൽ | | | | | യൂണിഫോം<br>മേജർ സിവിൽ വർക്ക്,<br>റാംപ് & റെയിൽ | 22800<br>1313000<br>10000 |
| 03 | ഗവ. എൽ.പി. സ്കൂൾ, അമ്പുകുത്തി | | | റാംപ്<br>ചൈൽഡ് ഫ്രെണ്ട്‌ലി പെയിന്റിംഗ് | 8000<br>8000 | സ്പോർട്സ് കിറ്റ് | |
| 04 | ഗവ. എൽ.പി. സ്കൂൾ, കുന്താണി | | | പ്രീപ്രൈമറി ടീച്ചിംഗ് മെറ്റീരിയൽസ് | | ഇലക്ട്രിഫിക്കേഷൻ 1 യൂണിറ്റ്<br>സെപ്പറേഷൻ വാൾ | |
| 05 | ഗവ.എൽ.പി. സ്കൂൾ, ചുള്ളിയോട് | 1)ഗേൾസ് ടോയ്‌ലറ്റ് 2 യൂണിറ്റ്<br>2. ഇലക്ട്രിഫിക്കേഷൻ 1 യൂണിറ്റ്<br>3. എസ്.ടി കുട്ടികൾക്ക് പഠനവീട് | 40000<br>10000<br>10000 | പഠനവീട് | 10000 | യൂണിഫോം<br>സെപ്പറേഷൻ വാൾ 2 യൂണിറ്റ് | 36000<br>30000 |
| 06 | ഗവ.എൽ.പി. സ്കൂൾ, നമ്പ്യാർകുന്ന് | - | - | ഇലക്ട്രിഫിക്കേഷൻ | 10000 | ഇലക്ട്രിഫിക്കേഷൻ<br>റാംപ് & റെയിൽ<br>യൂണിഫോം | 10000<br>10000<br>19600 |
| 07 | ഗവ.യു.പി. സ്കൂൾ, കല്ലിങ്കര | എച്ച്എം മുറി<br>അഡാപ്റ്റഡ് ടോയ്‌ലറ്റ് | 310000<br>25000 | സ്പോർട്സ് മെറ്റീരിയൽസ് | - | ലാപ്ടോപ്പ്-3 ഡെസ്ക്, ബഞ്ച്, കസേര (ഫൈബർ)<br>മേജർ റിപ്പയർ<br>ഫർണിച്ചർ ഫ് | 1262000<br>40000 |

പട്ടിക-13

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



ങ്ങളിലെ ലൈബ്രറികൾക്ക് ആവശ്യമുള്ള പുസ്തകങ്ങൾ ലഭ്യമാക്കുന്നു് . എന്നാൽ പുസ്തകങ്ങൾ സൂക്ഷിക്കാനും പ്രദർശിപ്പിക്കാനും വിതരണം ചെയ്യുവാനുമായി സൗകര്യപ്രദമായ ലൈബ്രറി റൂം ഭൂരിപക്ഷം വിദ്യാലയങ്ങളിലുമില്ല. പ്രത്യേക മുറി, ഇരിപ്പിടം, പുസ്തകങ്ങൾ തരം തിരിച്ച് സൂക്ഷിക്കാനുള്ള അലമാരകൾ, പൊടിവിമുക്തമായ നിലം തുടങ്ങിയ സൗകര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഒരുക്കാൻ പഞ്ചായത്ത് പ്രഥമ പരിഗണ നൽകേ തു് .

എല്ലാ വിദ്യാലയങ്ങളും തങ്ങളുടേതായ പദ്ധതികളിലൂടെ കുട്ടികളിൽ വായനയെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുന്നു് . അമ്മ വായന, ചങ്ങാതിക്കൊരു കൈത്താങ്ങ്, പുസ്തക പരിചയം, പത്രക്വിസ്, വായന പരിപോഷണം തുടങ്ങിയ പരിപാടികൾ വിവിധ വിദ്യാലയങ്ങളിൽ നടത്തുന്നു് .

മാളിക ഗവ: എൽ.പി. സ്കൂൾ നടത്തുന്ന പ്രത്യേക പദ്ധതിയാണ് ‘അമ്മവായന.’ സ്കൂൾ പി.ടി.എ. വഴിയും, കുട്ടികൾ മുഖേനയും പുസ്തകം അമ്മമാർക്ക് നൽകുന്നു. പുസ്തകം അമ്മമാർ കുട്ടികൾക്ക് വായിച്ചു കൊടുക്കുന്നതിനു പുറമെ വായനകുറിപ്പുകളും രചനകളും നടത്തുകയും, ഈ സൃഷ്ടികൾ കുട്ടികളുടെ കൈവശം സ്കൂളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. അമ്മമാരുടെ ഈ സൃഷ്ടികൾ കുട്ടികൾ ക്രോഡീകരിച്ച് പതിപ്പ് നിർമ്മിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു് . അതുപോലെ നിരന്തരവും വൈവിദ്യമാർന്നതുമായ വായനയെ അക്ഷരകാർഡ്, പദകാർഡ്, അറിവ് മരം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമാണ് കുന്താണി ഗവ: എൽ.പി. സ്കൂൾ.

**വായനാ ശീലം വർദ്ധിപ്പിക്കാനായി വിവിധ (2010–11, 2011–12,2012–13) വർഷങ്ങളിൽ വാങ്ങിയ പുസ്തകങ്ങളുടെ വിവരം**

| ക്രമ നം. | സ്കൂളിന്റെ പേര് | വിവിധ വർഷങ്ങളിൽ ലഭിച്ച പുസ്തകങ്ങളുടെ എണ്ണം | | | ചെലവ് |
|---|---|---|---|---|---|
| | | 2010–11 | 2011–12 | 2012–13 | |
| 1 | ജി.എൽ.പി.എസ് മാളിക | 18 | 81 | 50 | 5000 |
| 2 | ജി.എൽ.പി.എസ് അമ്പുകുത്തി | – | – | 59 | 1500 |
| 3 | ജി.എൽ.പി.എസ്. കുന്താണി | 35 | 20 | – | 2600 |
| 4 | ജി.എച്ച്.എസ്.എസ് ആനപ്പാറ | 1533 | 404 | 542 | 177989 |
| 5 | ജി.എൽ.പി.എസ് ചുള്ളിയോട് | 106 | – | 62 | 4500 |
| 6 | ജി.എൽ.പി.എസ് നമ്പ്യാർകുന്ന് | – | 44 | 49 | 3000 |
| 7 | ജിയുപി എസ് കല്ലിങ്കര | 128 | 96 | 36 | 14000 |

പട്ടിക-14

## 6) ജീവനക്കാർ

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങളിലൊന്നും അദ്ധ്യാപകരുടെ കുറവുമൂലം പഠനം മുടങ്ങുന്നില്ല, എല്ലാ സ്കൂളുകളിലും അനുവദിക്കപ്പെട്ട തസ്തികകളിൽ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർ ഉ് .

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

**...ദ്ധ്യാപക ജീവനക്കാരുടെ എണ്ണം**

| | | അദ്ധ്യാപകർ | | അനദ്ധ്യാപകർ | |
|---|---|---|---|---|---|
| നം. | പേര് | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് | അനുവദിച്ച തസ്തികകൾ | നിലവിലുള്ളത് |
| 1 | ഗവ.എൽ.പി.സ്കൂൾ, മാളിക | 5 | 5 | 1 | 1 |
| 2 | ഗവ. എൽ.പി.സ്കൂൾ, എടക്കൽ | 4 | 4 | 1 | 1 |
| 3 | ഗവ. എൽ.പി.സ്കൂൾ, അമ്പുകുത്തി | 4 | 4 | 1 | 1 |
| 4 | ഗവ. എൽ.പി.സ്കൂൾ, കുന്താണി | 5 | 5 | 1 | 0 |
| 5 | ഗവ.എച്ച്.എസ്.എസ്. ആനപ്പാറ | 45 | 45 | 5 | 5 |
| 6 | ഗവ.എൽ.പി.സ്കൂൾ, ചുള്ളിയോട് | 5 | 5 | 1 | 1 |
| 7 | ഗവ.എൽ.പി.സ്കൂൾ, നമ്പ്യാർകുന്ന് | 4 | 4 | 1 | 1 |
| 8 | ഗവ. എൽ.പി.സ്കൂൾ, ചെറുമാട് | 4 | 4 | 1 | 1 |
| 9 | ഗവ.യു.പി.സ്കൂൾ, കല്ലിങ്കര | 9 | 9 | 1 | 1 |

പട്ടിക-15

## 7) വിദ്യാലയങ്ങളിലെ കൊഴിഞ്ഞു പോക്ക്

നെന്മേനി ഗ്രാമപഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ 9 എണ്ണത്തിൽ 6 ലും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലായെന്ന് രേഖമൂലം അറിയിക്കുകയുായി. എന്നാൽ ജി.എച്ച്.എസ്.എസ് ആനപ്പാറ, ജി.എൽ.പി.എസ്. ചുള്ളിയോട് എന്നിവിടങ്ങളിൽ നേരിയ തോതിൽ കൊഴിഞ്ഞുപോക്കുായിട്ടു . ഇത്തരം കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ ഭൂരിപക്ഷവും പട്ടികവർഗ്ഗക്കാരാണെന്ന് മനസ്സിലാക്കാം. പഞ്ചായത്ത് നടപ്പാക്കി വരുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രഭാത ഭക്ഷണ പരിപാടി, യാത്രാ സൗകര്യം, യൂണിഫോം, കുട, ബാഗ് നൽകൽ തുടങ്ങിയ പദ്ധതികൾ നടപ്പക്കിയതിലൂടേയും ഉച്ചഭക്ഷണ പരിപാടിയുടേയും ഫലമായി കൊഴിഞ്ഞുപോക്ക് തടയാൻ കഴിഞ്ഞതായി അധികൃതർ സാക്ഷ്യപ്പെടുത്തി.

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**ുപോക്കിന്റെ വിശദ വിവരം**

| ക്രമ നം. | വിദ്യാലയങ്ങളുടെ പേര് വിവരം | | | | | II | | | | III | | | | IV | | | | V | | | | VI | | | | VII | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | | 2011-2012 | | 2012 2013 | |
| | | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 1 | ജി.എച്ച്.എസ് ആനപ്പാറ | | | | | | | | | 1 | 1.33% | 3 | 3.57% | 3 | 3.19% | 1 | 0.92% | 6 | 3.84% | 0 | 0 | 2 | 1.32% | 6 | 3.48% | 5 | 2.85% | 1 | 0.58% |
| 2 | ജിഎൽപിഎസ് ചുള്ളിയോട് | 4 | 10.8% | | | | | | | 2 | 8.33% | 1 | 3.84% | | | 1 | 4.54% | | | | | | | | | | | | |
| 3 | ജിഎൽപിഎസ് നമ്പ്യാർകുന്ന് | | | 2 | 10% | | | | | | | | | | | | | | | | | | | | | | | | |

പട്ടിക-16

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**ായുള്ള പ്രത്യേക പദ്ധതികൾ:**

ുടെ വിദ്യാഭ്യാസ പുരോഗതിക്കായി സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിരവധി പദ്ധതികളാവിഷ്ക്കരിച്ചു നടപ്പാക്കുന്നു് . എന്നാൽ സങ്കീർണ്ണമായ പല കാരണങ്ങളാലും ഈ പദ്ധതികൾ പൂർണ്ണ തോതിൽ വിജയിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നെന്മേനി പഞ്ചായത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിലേക്കാകർഷിക്കാനും അവരുടെ കൊഴിഞ്ഞുപോക്ക് തടയാനുമായി പ്രഭാതഭക്ഷണ പരിപാടി, പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയുടെ വിതരണം യാത്രാ സൗകര്യം എന്നീ പദ്ധതികൾ നടപ്പിലാക്കുകയുാ യി. വിശദ വിവരം താഴെ കൊടുക്കുന്നു.

**എ) പ്രഭാത ഭക്ഷണ പരിപാടി**

പട്ടികവർഗ്ഗ കുടുംബങ്ങളിലെ സാമ്പത്തിക പിന്നാക്കാവസ്ഥയും ദാരിദ്ര്യവും നിമിത്തം ഭൂരിഭാഗം വീടുകളിലും പ്രഭാത ഭക്ഷണം ഉാ കാറില്ല. സ്കൂളിൽ വിശക്കാതെ ഇരിക്കുക എന്നതോടൊപ്പം ഭക്ഷണം ലഭിക്കുമെന്ന ആകർഷണീയത കുട്ടികളുടെ ഹാജർനില ഉറപ്പാക്കുമെന്നതിനാലും സ്കൂളുകളിൽ നടപ്പാക്കിയ പദ്ധതിയാണിത്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും, പോഷകഹാരക്കുറവ് നികത്താനും, പഠന പ്രവർത്തനങ്ങളിൽ ഉണർവ്വോടെയും സജീവമായും പങ്കെടുക്കാനും ഈ പദ്ധതി ഇടയാക്കി. ഇതിനായി ചെലവഴിച്ച തുകകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വർഷം | പ്രൊജക്ട് നം. | ചെലവഴിച്ച തുക | ഫി നം |
|---|---|---|---|
| 2010-11 | 54/10-11 | 430180 | പ്ളാൻഫ് |
| 2011-12 | 142/11-12 | 800000 | ,, |
| 2012-13 | 48/12-13 | 800000 | ,, |

ജില്ലാ പഞ്ചായത്ത് മുഖേനയാണ് 2010-11, 2011-12 വർഷങ്ങളിൽ പദ്ധതി നടപ്പാക്കിയത്. ചെലവഴിച്ച തുക ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി ജില്ലാ പഞ്ചായത്തിന് നൽകുകയാണ് ചെയ്തത്. സ്കൂളുകളിൽ വിനിയോഗമുാ യിട്ടു ങ്കിലും ജില്ലാ പഞ്ചായത്തിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുക വീതം നൽകിയേന്നോ, വിനിയോഗിക്കാതെ തുക അവശേഷിക്കുന്നുാേ എന്നീ വിവരം പഞ്ചായത്ത് പരിശോധിച്ചിട്ടില്ല. എന്നാൽ 2012-12 വർഷം ഗ്രാമപഞ്ചായത്ത് ചുള്ളിയോട് ഗവ. എൽ.പി.സ്കൂൾ ഹെഡ്മാസ്റ്റർ മുഖേന നടപ്പാക്കിയതിന്റെ സ്കൂൾ തിരിച്ചുള്ള വിശദ വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടു് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ (എം.എസ്) 183/2007/24.7.07 ഉത്തരവിന്റെ അനുബന്ധമായ മാർഗ്ഗരേഖയുടെ ഖണ്ഡിക 2-2 നിർദ്ദേശിക്കും പ്രകാരം പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടി അനുചിതമായി. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം വാങ്ങേ താണ്.

**ബി) പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയുടെ വിതരണം.**

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂളിൽ വരുന്നതിനാവശ്യമായ യൂണിഫോം, ബാഗ് പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവ നൽകുന്നതിന് പഞ്ചായത്ത് നടപടിയെടുത്തിട്ടു് . ഇതിനായി 2011-12 വർഷം 527868/- രൂപയും 2012-12 വർഷത്തിൽ 6 ലക്ഷം രൂപയും പഞ്ചായത്ത് ചെലവഴിച്ചു.

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



പി.ടിഎയുടെ പ്രവർത്തനം പരിശോധിച്ചതിൽ വളരെ തൃപ്തികരമാണെന്നറിയിച്ചത് മാളിക ജി.എൽ.പി എസിലാണ്. വിദ്യാലയങ്ങളിൽ ജി.എൽ.പി.എസ്. ചുള്ളിയോട്, ജി.എൽ.പി.എസ് നമ്പ്യാർകുന്ന്, ജി.എൽ.പി.എസ് കല്ലിങ്കര എന്നീ സ്കൂളുകളിലെ പി.ടി.എ പ്രവർത്തനം തൃപ്തികരമല്ല എന്ന് അറിയാൻ കഴിഞ്ഞു. ഇതൊഴിച്ചാൽ ബാക്കി സ്കൂളുകളിലെല്ലാം പി.ടി.എയുടെ പ്രവർത്തനം സജീവമാണ്. എല്ലായിടത്തും പി.ടി.എ യോഗങ്ങൾ കൂടുകയും, യോഗരജിസ്റ്റർ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു . 5 വിദ്യാലയങ്ങളിലെ പി.ടി.എകൾ സ്വന്തമായി ഫ് സ്വരൂപിച്ചിട്ടില്ല അതുകൊ് തന്നെ ഈ സ്കൂളുകളിൽ വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പി.ടി.എ യോഗങ്ങളുടെ എണ്ണം, വരവു ചെലവു കണക്കുകൾ (2011-12, 2012-13 വർഷങ്ങളിൽ)

| ക്രമ നം. | വിദ്യാലയങ്ങളുടെ പേര് വിവരം | 2011-12 | | | 2012-13 | | |
|---|---|---|---|---|---|---|---|
| | | യോഗങ്ങളുടെ എണ്ണം | വരവ് | ചെലവ് | യോഗങ്ങളുടെ എണ്ണം | വരവ് | ചെലവ് |
| 1 | ഗവ.എൽ.പി.സ്കൂൾ, മാളിക | 9 | 0 | 0 | 10 | 0 | 0 |
| 2 | ഗവ.എൽ.പി.സ്കൂൾ, എടക്കൽ | 8 | 3290 | 3282 | 8 | 7000 | 9001 |
| 3 | ഗവ.എൽ.പി.സ്കൂൾ, അമ്പുകുത്തി | 4 | 0 | 0 | 2 | 0 | 0 |
| 4 | ഗവ.എൽ.പി.സ്കൂൾ, കുന്താണി | 14 | 0 | 0 | 13 | 0 | 0 |
| 5 | ഗവ.എച്ച്.എസ്കൂൾ, ആനപ്പാറ | 22 | 226812 | 201296 | 24 | 461972 | 471016 |
| 6 | ഗവ.എൽ.പി.സ്കൂൾ, ചുള്ളിയോട് | 12 | 6830 | 6830 | 12 | 5470 | 5470 |
| 7 | ഗവ.എൽ.പി.സ്കൂൾ, നമ്പ്യാർകുന്ന് | 8 | 0 | 0 | 11 | 0 | 0 |
| 8 | ഗവ.എൽ.പി. സ്കൂൾ,ചെറുമാട് | 12 | 0 | 0 | 12 | 0 | 0 |
| 9 | ഗവ.യു.പി.സ്കൂൾ, കല്ലിങ്കര | 10 | 75642 | 112303 | 29 | 171942 | 165850 |

LOCAL FUND AUDIT DEPARTMENT

## 10) സ്കൂൾ ഹെൽത്ത് പ്രോഗ്രാം

സ്കൂൾ ഹെൽത്ത് പ്രോഗ്രാം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം മുഴുവൻ സർക്കാർ സ്കൂളുകളിലും നടന്നു വരുന്നു . ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ്, കുട്ടികളുടെ തൂക്കം പരിശോധിക്കുക, ഫസ്റ്റ് എയിഡ് കിറ്റ് വിതരണം, ഗുളിക വിതരണം, ക്ലോറിനേഷൻ തുടങ്ങിയ പരിപാടികൾ ഇതിന്റെ ഭാഗമായി നടക്കുന്നു.

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features

ന

...സ മേഖലയുടെ സ്ഥിരം സമിതിയുടെ 2007-08 മുതലുള്ള മിനുട്സ് ബുക്കുകൾ പരിശോധിച്ചു. വിദ്യാഭ്യാസ വിഷയങ്ങൾ 13.10.2010 വരെ ക്ഷേമകാര്യ സമിതിയുടെ പരിഗണനാ വിഷയമായിരുന്നു. ഈ കാലയളവിൽ വിദ്യാഭ്യാസ വിഷയങ്ങൾ സംബന്ധിച്ച ചർച്ചകളും, ആസൂത്രണവും താരതമ്യേന കുറവായിരുന്നുവെന്ന് മിന്ട്സ് ബുക്കുകളിൽ നിന്നു വ്യക്തമാകുന്നു. എന്നാൽ 2010ൽ ആരോഗ്യ - വിദ്യാഭ്യാസ സ്ഥിരം സമിതിയുടെ രൂപീകരണത്തോടെ വിദ്യാഭ്യാസ വിഷയങ്ങളിൽ കൂടുതൽ ചർച്ചകളും പരിഗണനയും ഉാ വുകയും തദനുസൃതമായി വികസന പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടക്കുകയുമുാ യി. 2007-08 മുതൽ 2012-13 വരെ സ്ഥിരം സമിതി യോഗം ചേർന്നതിന്റെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ആകെ നടന്ന മീറ്റിംഗുകൾ | വിദ്യാഭ്യാസ വിഷയങ്ങൾ പരിഗണിച്ച മീറ്റിംഗുകൾ | കുറിപ്പ് |
|---|---|---|---|
| 2007-08 | 13 | 02 | |
| 2008-09 | 16 | 04 | |
| 2009-10 | 17 | 03 | |
| 2010-11 | 13 | 06 | |
| 2011-12 | 17 | 06 | |
| 2012-13 | 20 | 11 | |

വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുക, ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുക, വിദ്യാലയങ്ങളിലെ അടിയന്തിര ആവശ്യങ്ങൾക്ക് പരിഹാരം കാണുക, സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കുക, വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് - പി.ഇ.സി മീറ്റിംഗുകൾ സംഘടിപ്പിക്കുക, തുടങ്ങി വിദ്യാഭ്യാസ മേഖലയിലെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ സമിതി ശ്രദ്ധിച്ചിട്ടു . എന്നാൽ ഇനിയും പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെടേ മേഖലകളു് . സർവ്വ ശിക്ഷാ അഭിയാൻ പ്രവർത്തനങ്ങൾക്ക് നൽകുന്ന വിഹിതത്തിന്റെ വിനിയോഗം യഥാവിധം നടക്കുന്നുോ യെന്ന് മോണിറ്റർ ചെയ്യുന്നതിൽ, സമിതി ശ്രദ്ധിക്കേ തു് . സ്കൂളുകളിൽ കമ്പ്യൂട്ടർ, ലൈബ്രറി മുറികൾ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയവ സ്ഥാപനം തിരിച്ച് മുൻഗണന ക്രമത്തിൽ തയ്യാറാക്കി പഞ്ചായത്തിന് ഒരു സമഗ്ര വിദ്യാഭ്യാസ വികസന രേഖ തയ്യാറാക്കുന്നതിന് ഇനിയും കഴിഞ്ഞിട്ടില്ല. വാർഷിക പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയ്ക്ക് ലഭിക്കുന്ന വിഹിതം ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇപ്രകാരമുള്ള ഒരു 'മാസ്റ്റർ പദ്ധതി' ഉചിതമാണ്.

വിദ്യാഭ്യാസ മേഖലയിൽ സ്ഥിരം സമിതി ക ത്തിയ പ്രശ്നങ്ങളിൽ ചിലത് പഞ്ചായത്തിന് പരിഹരിക്കാനാകാതെ അവശേഷിക്കുന്നു് . ഉദാഹരണമായി 9.11.2012ന് കുന്താണി എൽ.പി.സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി മതിൽ പണി പൂർത്തീകരിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ നടപ്പാക്കിയിട്ടില്ല. ഈ പ്രശ്നം സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സ്കൂൾ പരിശോധന വേളയിൽ ബോധ്യപ്പെട്ടതുമാണ്.

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



**കമ്മിറ്റി**

പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും അത് നടപ്പാക്കാൻ ചുക്കാൻ പിടിക്കുന്നതും പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയാണ്. പ്രവേശനോത്സവം മുതൽ സ്കൂളുകളിലെ എല്ലാ അക്കാദമിക, അനക്കാദമിക പരിപാടികളും പി.ഇ.സി.യിൽ ചർച്ച ചെയ്താണ് തീരുമാന മെടുക്കുന്നത്. എല്ലാ സ്കൂളുകളും തങ്ങളുടെ സ്കൂളുകളിലെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ഈ കമ്മിറ്റിയിൽ വയ്ക്കുന്നു.

നെന്മേനി പഞ്ചായത്തിലെ പി.ഇ.സി കമ്മിറ്റികളിൽ നല്ല പങ്കാളിത്തമു് . 2012-13 ൽ 9 യോഗങ്ങൾ ചേരുകയു്യാ യി. സ്കൂളുകളിലെ പഠന പുരോഗതി വിലയി രുത്തുക, കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ പദ്ധതികൾ ആസൂത്രണം ചെയ്യുക. പഞ്ചായത്ത് തലത്തിൽ കായിക പരിശീലനം നടത്തുക. ഗൃഹസമ്പർക്ക പരിപാടി തുടങ്ങി അനവധി കാര്യങ്ങൾ നെന്മേനി പഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കുന്നത് പഞ്ചായത്ത് എഡ്യൂക്കേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷമാണ്.

**V._നിഗമനങ്ങൾ:**

- പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ കെട്ടിട സൗകര്യം ഇനിയും മെച്ചപ്പെടുവാനു് . സ്മാർട്ട് ക്ലാസ്, ലൈബ്രറി, ലാബ് എന്നിവയ്ക്കായുള്ള പ്രത്യേക ക്ലാസ് മുറികളില്ല.
- എ.സി. ഷീറ്റ് മേഞ്ഞതും സീലിംഗില്ലാത്തതുമായ നിരവധി ക്ലാസ് മുറികൾ ു് .
- സ്കൂളുകളിൽ ഫർണ്ണിച്ചർ കുറവു് . അമ്പുകുത്തി,മാളിക സ്കൂളുകളിൽ പല ക്ലാസ്സുകളിലും ഉചിതമായ തരത്തിലുള്ള ഫർണ്ണിച്ചറുകൾ ഇല്ല.
- സൗകര്യങ്ങളു്യാ യിട്ടും പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മിക്ക സ്കൂളുക ളിലും കുട്ടികളുടെ എണ്ണം വളരെ കുറവാണ്. വിശാലമായ പ്രദേശവും അര ലക്ഷത്തോടടുത്ത് ജനസംഖ്യയും ഉ്യാ യിട്ടും സ്കൂളിൽ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനായില്ല.
- നമ്പ്യാർകുന്ന് ചുള്ളിയോട് സ്കൂളുകളിൽ അടുക്കള സൗകര്യം, സ്റ്റോർ മുറി എന്നിവ മെച്ചപ്പെടാനു് .
- സ്കൂളുകളിൽ കമ്പ്യൂട്ടറുകളുടെ എണ്ണം കുറവാണ്; ലഭ്യമായവയിൽ പലതും കേടായും കിടക്കുന്നു.
- ട്രൈബൽ വിദ്യാർത്ഥികൾക്കായി നടപ്പാക്കിയ പദ്ധതികൾ ഹാജർ നില മെച്ചപ്പെ ടുത്തുന്നതിന് സഹായകമായി. എന്നാൽ പ്രഭാത ഭക്ഷ വിതരണ പദ്ധതികൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതിരുന്ന നടപടി അനുചിതമായി.
- എസ്.എസ്.എ നടപ്പാക്കുന്ന മരാമത്ത് - പ്രൊക്യൂർമെന്റ് പദ്ധതികൾ പഞ്ചായ ത്തിന് മോണിറ്റർ ചെയ്യാനാവുന്നില്ല.

LOCAL FUND AUDIT DEPARTMENT

Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



- മോശം കെട്ടിട സൗകര്യങ്ങളുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന ത്തിന് പ്രാമുഖ്യം നൽകി തുടർ വർഷങ്ങളിലെ പദ്ധതികൾ തയ്യാറാക്കണം.

- സ്മാർട്ട് ക്ലാസ്,ലൈബ്രറി,ലാബ് എന്നിവയ്ക്കുള്ള മുറി സൗകര്യം ഒരുക്കണം.

- എ.സി. ഷീറ്റ് മേഞ്ഞ ക്ലാസ്മുറികൾക്ക്, സത്വരമായി സീലിംഗ് നൽകുകയോ,പു തുക്കിയ മേൽക്കൂര പണിയുകയോ ചെയ്യേ തു് .

- സ്കൂളുകളിൽ ഓരോ ക്ലാസിനും അനുയോജ്യമായ ഫർണിച്ചറുകൾ നൽകുന്നു എന്നുറപ്പാക്കേ താണ്. ഫർണ്ണിച്ചർ വിതരണ പദ്ധതികൾ നടപ്പാക്കുമ്പോൾ ഓരോ സ്കൂളിന്റെയും കൃത്യമായ ആവശ്യങ്ങൾക്കനുസൃതമായിരിക്കാൻ ശ്രദ്ധി ക്കേ തു് .

- പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലേക്ക് കുട്ടികളെ ആകർഷി ക്കാൻ നടപടിയെടുക്കണം. പി.ടി.എ, മദർ പി.ടി.എ സെക്ടറൽ പി.ടി.എ എന്നിവ യിലൂടെ ഓരോ സ്കൂളിന്റെയും കാച്മെന്റ് ഏരിയയിലുള്ള കുട്ടികളെ അതാത് സ്കൂളുകളിൽ പ്രവേശിപ്പിക്കാനായി ആസൂത്രണത്തോടെയുള്ള പ്രവർത്തനങ്ങൾ വേണം.

- ട്രൈബ്രൽ കുട്ടികളുടെ പ്രഭാത ഭക്ഷണ വിതരണ പരിപാടിക്ക് സബ്സിഡി മാർഗ്ഗ രേഖ പ്രകാരം മുൻകൂർ അനുമതി വാങ്ങാതിരുന്നത് അനുചിതമായി. ഇക്കാര്യ ത്തിൽ സർക്കാർ സാധൂകരണം വാങ്ങേ താണ്.

- എസ്.എസ്.എയ്ക്ക് വിഹിതം നൽകുന്ന വിവിധ മരാമത്ത് പ്രവർത്തികൾ നടപ്പാ ക്കുന്നു് എന്നുറപ്പാക്കണം.

**ഡെപ്യൂട്ടി ഡയറക്ടർ,**
**ലോക്കൽ ഫ ് ഓഡിറ്റ്, വയനാട്.**

LOCAL FUND AUDIT DEPARTMENT

PDF Complete
Your complimentary use period has ended. Thank you for using PDF Complete.
Click Here to upgrade to Unlimited Pages and Expanded Features



